പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5222 27.06.2019 -ൽ മറുപടിക്ക്

## സബ്സിഡി വിഭാഗങ്ങൾക്ക് അനുവദിച്ച റേഷൻ

ചോദ്യം

**ശ്രീ.പാറക്കൽ അബ്ദുല്ല**

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ അന്നപൂർണ മുൻഗണന വിഭാഗക്കാരുടെ റേഷൻ ഭക്ഷ്യവകുപ്പ് കൂടുതൽ വിലയ്ക്ക് സബ്സിഡി ഇതരവിഭാഗങ്ങൾക്ക് കഴിഞ്ഞ നാല് മാസമായി വിറ്റു വരുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; | (എ) സംസ്ഥാനത്തെ അന്നപൂർണ മുൻഗണന വിഭാഗക്കാരുടെ റേഷൻ ഭക്ഷ്യവകുപ്പ് കൂടുതൽ വിലയ്ക്ക് സബ്സിഡി ഇതരവിഭാഗങ്ങൾക്ക്കഴിഞ്ഞ നാല് മാസമായി വിറ്റു വരുന്നതായ റിപ്പോർട്ടുകൾ വസ്തുതാവിരുദ്ധമാണ്. അന്നപൂർണ്ണ, മുൻഗണനാ വിഭാഗങ്ങൾക്കുള്ള റേഷൻ വിഹിതം മറ്റു സ്കീമുകളിലേക്കു വകമാറ്റാൻ കഴിയില്ല; |
| (ബി) അതിദരിദ്രരായ 5,95,000 കുടുംബങ്ങൾക്കാണോ 35 കിലോ ഭക്ഷ്യധാന്യം നൽകേണ്ടത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എന്നാൽ 5,88,559 കുടുംബങ്ങൾക്ക് മാത്രമാണ് നിലവിൽ 35 കിലോ ഭക്ഷ്യധാന്യം നൽകുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) എ.എ.വൈ. വിഭാഗത്തിലെ ഓരോ കുടുംബങ്ങൾക്കും 35Kg ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. ഭക്ഷ്യ ഭദ്രതാ നിയമം പ്രകാരം 595800 കുടുംബങ്ങളെ സംസ്ഥാനത്തിന് എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹരെ പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചു വരുന്നു; |
| (സി) ശേഷിക്കുന്ന ഏഴായിരത്തോളം കുടുംബങ്ങൾക്ക് ലഭിക്കേണ്ട 2.45 ലക്ഷം കിലോ ധാന്യമുൾപ്പെടെ 15.56 ലക്ഷം പേരുടെ ഭക്ഷ്യധാന്യം മറിച്ചു വിൽക്കുന്നതായ റിപ്പോർട്ടുകൾ അടിയന്തരമായി പരിശോധിക്കുമോ ; | (സി) & (ഡി) മുൻഗണനാ വിഭാഗത്തിൽ വന്നിട്ടുള്ള ഒഴിവുകൾക്കനുസൃതമായി അധികം വരുന്ന ഭക്ഷ്യധാന്യം നീക്കിയിരുപ്പായി അവശേഷിക്കുന്നുണ്ട്. അത് മറിച്ചുവിൽക്കുന്നു എന്ന രീതിയിലുള്ള റിപ്പോർട്ടുകൾ വസ്തുതാവിരുദ്ധമാണ് |
| (ഡി) കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ ? | |

**സെക്ഷൻ ഓഫീസർ**